**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം - 14**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - സ്റ്റാഫ് നഴ്സ് തസ്തിക - പുനക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) 29.04.2014-ലെ സർക്കാർ കത്ത് നമ്പർ 28393/എഫ് 2/2012/ എൽ.ബി.ആർ

2) 12.06.2014-ലെ ഇ5-20119/2010/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്

3) ജി.ഒ.(ആർ.റ്റി) നമ്പർ-940/2014/എൽ.ബി.ആർ തീയതി, 19.07.2014

..................

**ഉത്തരവ് നമ്പർ – ഇ5-2148/2012/ഡി.ഐ.എം.എസ് തീയതി, 09.06.2017**

കൊല്ലം ജില്ലയിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ നൽകിയ സ്റ്റാഫ് നഴ്സിന് നിയമനം നൽകാൻ വേണ്ട ഒഴിവ് ജില്ലയിൽ നിലവിലില്ലാതിരുന്ന സാഹചര്യത്തിൽ ഒഴിവുള്ള ജില്ലയിൽ നിന്നും ഒരു തസ്തിക താൽക്കാലികമായി കൊല്ലം ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് നിയമനം നൽകണമെന്നും ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത തസ്തിക അതാത് ജില്ലയിൽ പുനഃസ്ഥാപിക്കണമെന്നും പരാമർശം (1) പ്രകാരം സർക്കാർ അറിയിച്ചിരുന്നു. തുടർന്ന് ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും ഒരു സ്റ്റാഫ് നഴ്സ് തസ്തിക കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഇ.എസ്.ഐ ഡിസ്പെൻസറി-യിലേയ്ക്ക് പരാമർശം (2) പ്രകാരം ഷിഫ്റ്റ് ചെയ്യുകയും പ്രസ്തുത തസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമിതയായ ശ്രീമതി.ശാന്തി ഫിലിപ്പിന് നിയമനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ നെടുമ്പന ഇ.എസ്.ഐ ഡിസ്പെൻസറിയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ തസ്തികയിൽ ഒഴിവ് വന്നിരിക്കുന്നു. ആയതിനാൽ കൊട്ടാരക്കര ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ തസ്തിക തിരികെ ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിൽ പുനഃസ്ഥാപിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ സാഹചര്യത്തിൽ കൊട്ടാരക്കര ഇ.എസ്.ഐ ഡിസ്പെൻസറിയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 ശ്രീമതി.ശാന്തി ഫിലിപ്പിനെ നെടുമ്പന ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. വിടുതൽ തീയതിയും പുതിയ സ്ഥാപനത്തിൽ ജോയിൻ ചെയ്യുന്ന തീയതിയും യഥാസമയം അറിയിക്കേണ്ടതാണ്.

**(ഒപ്പ്),**
**ഡോ.അജിത നായർ.ആർ**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ്

1. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ആലപ്പുഴ
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,
   ഇ.എസ്.ഐ ഡിസ്പെൻസറി, കൊട്ടാരക്കര
3. ശ്രീമതി.ശാന്തി ഫിലിപ്പ്, സ്റ്റാഫ് നഴ്സ് ഗ്രേഡ്-2

പകർപ്പ് - 1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
ദക്ഷിണമേഖല, കൊല്ലം/മദ്ധ്യമേഖല, എറണാകുളം

2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,
ഇ.എസ്.ഐ ഡിസ്പെൻസറി, നെടുമ്പന

3. ബി 2 സെക്ഷൻ/ ബി സെക്ഷൻ സൂപ്രണ്ട്

4. ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

എസ്കെവി-15.6.17